## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4619** **20.10.2011 ന് മറുപടിയ്ക്ക്**

<u>ആലപ്പുഴ ജില്ലയിലെ നെല്ല് സംഭരണം</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ | ശ്രീ.റ്റി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിൽ നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നു മുതൽ സംഭരണം തുടങ്ങാൻ കഴിയുമെന്നറിയിക്കുമോ; | (എ) ആലപ്പുഴ ജില്ലയിൽ നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സമയബന്ധിതമായി സംഭരിച്ച് കർഷകർക്ക് ഉടനടി വില നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) കർഷകർ ഉല്പാദിപ്പിക്കുന്ന നിശ്ചിത ഗുണനിലവാരമുള്ള മുഴുവൻ നെല്ലും സമയബന്ധിതമായി സംഭരിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്ന് സബ്സിഡി ലഭ്യമാകുന്നതനുസരിച്ച് നെല്ലിന്റെ വില കർഷകരുടെ വ്യക്തിഗതബാങ്ക് അക്കൌണ്ടുകളിലേയ്ക്കാണ് നൽകിക്കൊണ്ടിരിക്കുന്നത്. |
| (സി) നെല്ല് സംഭരണത്തിനായി, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു സയന്റിഫിക് ഗോഡൗൺ ആലപ്പുഴയിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി)ആലപ്പുഴയിൽ കുട്ടനാട് ഭാഗത്ത് ഒരു ഗോഡൗൺ ആരംഭിക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾ നബാർഡുമായി ബന്ധപ്പെട്ട് ആരംഭിച്ചിട്ടുണ്ട്. |
| (ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു മോഡേൺ റൈസ് മില്ല് സ്ഥാപിക്കുവാനും ജില്ലയിൽ നിന്ന് സംഭരിക്കുന്ന നെല്ല് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പൊതുവിതരണ ശൃംഖല വഴി കുത്തരിയായി വിതരണം ചെയ്യുവാനും നടപടി സ്വീകരിക്കുമോ ? | (ഡി) കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ മോഡേൺ റൈസ് മിൽ സ്ഥാപിക്കുന്നതും നെല്ല് സംസ്കരിക്കുന്നതും പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ